8. കേന്ദ്രനിയന്ത്രണം

ഭദ്രാസനത്തിലെ പ്രാർത്ഥനായോഗപരിപാടികൾ ക്രമീകരിക്കുന്നത് ഭദ്രാസന പ്രാർത്ഥനായോഗ സെക്രട്ടറിയും ഡിസ്ട്രിക്റ്റ് സുവിശേഷകരും ആയിരിക്കും. എല്ലാ പള്ളികളിലെയും പ്രാർത്ഥനായോഗങ്ങൾ ഭദ്രാസനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ ഫീസായി പ്രതിവർഷം അഞ്ചു രൂപാ ഭദ്രാസനകേന്ദ്രത്തിൽ അടയ്ക്കേണ്ടതുമാണ്.

9. കേന്ദ്രവാർഷികം

ഭദ്രാസനത്തിലെ പ്രാർത്ഥനായോഗങ്ങളുടെ വാർഷികയോഗം സൗകര്യമുള്ള ഏതെങ്കിലും ഇടവകയിൽവച്ച് എല്ലാ വർഷവും ഡിസംബർമാസത്തിൽ നടത്തേണ്ടതാണ്.

10. ഇതിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടുമാത്രം മററാവശ്യമാകുന്ന നിയമാവലി മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി ഏതു പ്രാർത്ഥനായോഗത്തിനും കൂട്ടിച്ചേർക്കാവുന്നതാണ്.

(ഈ നിയമാവലി 1987 ജൂലൈയിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചിട്ടുള്ളതാണ്.)

ഭരണത്തിൽനിന്നും വിരമിക്കുന്ന മേൽപ്പട്ടക്കാരെ സംബന്ധിച്ച

വ്യവസ്ഥകൾ

(Passed in the July session meetings of the Holy Episcopal Synod, held during Ist to 5th July 1985.)

ഭരണത്തിൽനിന്നും വിരമിക്കുന്ന മേൽപ്പട്ടക്കാരെ സംബന്ധിച്ച

വ്യവസ്ഥകൾ

പ്രായാധിക്യംകൊണ്ടോ മററു തരത്തിലോ ശാരീരികമോ മാനസീകമോ ആയ ദൗർബല്യംനിമിത്തം മെത്രാസന ഭരണം നടത്തുന്നതിനു് കഴിവില്ലാതെയാകുന്ന മേൽപ്പട്ടക്കാർ ഒഴിവാക്കപ്പെടുന്നതിനെപ്പററിയും അങ്ങനെ ഒഴിവാക്കപ്പെടുന്ന മേൽപ്പട്ടക്കാർക്കു് ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെ പററിയും മററുമുള്ള വ്യവസ്ഥകൾ.

A. മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും

1. പ്രായാധിക്യംകൊണ്ടോ മററു തരത്തിലോ ശാരീരികമോ മാനസീകമോ ആയ ദൗർബല്യം നിമിത്തം മെത്രാസന ഭരണം നടത്തുന്നതിനു് കഴിവില്ലാതെ ആകുന്ന മേൽപട്ടക്കാരെ അവരുടെ ആഗ്രഹപ്രകാരമോ അല്ലാതെയോ മെത്രാസന ഭരണത്തിൽനിന്നും ഒഴിവാക്കാവുന്നതാണു്. എന്നാൽ അങ്ങനെ ഒഴിയുന്നതും ഒഴിവാക്കപ്പെടുന്നതും മലങ്കര എപ്പിസ്കോപ്പൽ സിനഡിൻെറ ശുപാർശ അനുസരിച്ചുള്ള കാതോലിക്കായുടെ കല്പനപ്രകാരം മാത്രമായിരിക്കേണ്ടതാണു്. അപ്രകാരം ഒഴിവാക്കുന്നതിനെപ്പററി ആലോചിക്കണമെന്നു് പരിശുദ്ധ സുന്നഹദോസ് തീരുമാനിക്കുന്നെങ്കിൽ അതേപ്പററി ബന്ധപ്പെട്ട മെത്രാപ്പോലീത്തായോടു ചോദിച്ചു് ഈ വിഷയത്തിൽ അദ്ദേഹത്തിനു പറയുവാനുള്ളതു് കേൾക്കുകയും സുന്നഹദോസ് ശുപാർശ ചെയ്യുന്നതിനു മുമ്പായി മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയോടു് ആലോചിക്കുകയും ചെയ്യേണ്ടതാണു്.

2. താമസസൗകര്യം

മേൽപ്പട്ടക്കാർ അവർ ഭരണത്തിലിരുന്ന കാലത്തു താമസിച്ചിരുന്ന സ്ഥലത്തുതന്നെ കഴിയുന്നിടത്തോളം ഭരണത്തിൽനിന്നു് വിരമിച്ചതിനുശേഷവും അതേ സൗകര്യങ്ങളിൽ താമസിക്കുന്നതിനു് സ്വാതന്ത്ര്യമുണ്ടായിരിക്കണം. അവിടെ താമസിക്കുന്നതിനു് എന്തെങ്കിലും സൗകര്യക്കുറവുണ്ടെന്നു് അവർക്കു് തോന്നുന്നപക്ഷം ഏതെങ്കിലും ദയറായുടെയോ, ആശ്രമത്തിന്റെയോ അംഗമായിരുന്നെങ്കിൽ ആ ദയറായിലോ ആശ്രമത്തിലോ താമസിക്കാവുന്നതാണു്. അല്ലെങ്കിൽ അതിനുവേണ്ടി സഭാകേന്ദ്രത്തിൽനിന്നു് ക്രമീകരണങ്ങൾ ചെയ്തതിനുശേഷം പരുമല സിമ്മനാരിയിലോ മററു സ്ഥലങ്ങളിലോ താമസിക്കാവുന്നതാണു്.

3. പരിരക്ഷണം

a) ഭരണത്തിൽനിന്നും ഒഴിവാക്കപ്പെടുന്ന മേൽപ്പട്ടക്കാരുടെ പരിരക്ഷണത്തിനുള്ള പ്രധാന ചുമതല പിൻഗാമിയായി ഭരണമേല്ക്കുന്ന മേൽപ്പട്ടക്കാരനായിരിക്കണം. ഈ ചുമതല ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്നു് പ. സുന്നഹദോസ് അന്വേഷിക്കുകയും പോരായ്മകൾ വരാതിരിക്കുവാൻ ശ്രദ്ധിക്കുകയും വേണം.

b) ഭരണത്തിൽനിന്നു് ഒഴിവാക്കപ്പെടുന്ന മേൽപ്പട്ടക്കാരനും അദ്ദേഹത്തെ പരിചരിക്കുന്നവർക്കും നിത്യച്ചെലവുകൾക്കും മററുമായി അദ്ദേഹം ഭരിച്ചിരുന്ന മെത്രാസനത്തിൽ/മെത്രാസനങ്ങളിൽനിന്നും പ്രതിമാസം 1500 രൂപാ നൽകേണ്ടതാണു്. കൂടാതെ സഭാകേന്ദ്രത്തിൽനിന്നും പ്രത്യേക അലവൻസായി പ്രതിമാസം 1500 രൂപായും അദ്ദേഹത്തിനു് നൽകണം. ആവശ്യമെന്നുകണ്ടാൽ പ. സുന്നഹദോസിനു് ഈ സംഖ്യ ഭേദഗതി ചെയ്യാവുന്നതാണു്.

4. വൈദ്യസഹായം

a) ഭരണത്തിൽനിന്നു് വിരമിക്കുന്ന മേൽപ്പട്ടക്കാരെ സൗജന്യമായി ചികിത്സിക്കുന്നതിനുള്ള സംവിധാനം സഭ വകയായുള്ള എല്ലാ ആശുപത്രികളിലും ഉണ്ടായിരിക്കണം.

b) ചികിത്സകൾക്കു് വലിയ തുകകൾ ആവശ്യമായി വരുന്നെങ്കിൽ ആയതു് സഭാകേന്ദ്രത്തിൽനിന്നു് നൽകണം.

5. ഭരണത്തിൽനിന്നു് വിരമിക്കുന്ന മേൽപ്പട്ടക്കാർക്കു് സഭയിലെ ഏതു പള്ളിയിലും ക്ഷണമനുസരിച്ചു് പോയി വി. കൂദാശകളിൽ പങ്കെടുക്കുന്നതിനും കാർമ്മികത്വം വഹിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. എന്നാൽ പട്ടംകൊട, പള്ളിക്കൂദാശ മുതലായി മേൽപ്പട്ടക്കാർക്കുമാത്രം ചെയ്യാവുന്ന കർമ്മങ്ങൾ മലങ്കര മെത്രാപ്പോലീത്തായുടെ അനുവാദപ്രകാരമേ നിർവ്വഹിക്കുവാൻ പാടുള്ളൂ.

6. മേൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ അസിസ്റ്റൻറ് മെത്രാപ്പോലീത്താമാർക്കും ബാധകമായിരിക്കും.

7. ശിക്ഷണനടപടിമൂലം നീക്കപ്പെടുന്നവർക്കു് മേൽ വ്യവസ്ഥകളിലെ ആനുകൂല്യങ്ങൾ ഉണ്ടായിരിക്കുന്നതല്ല.

8. മേൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകളുടെ പരിധിയിൽ വരാത്ത ഏതെങ്കിലും പരിതസ്ഥിതി സംജാതമായാൽ പ. സുന്നഹദോസ് അതേപ്പററി ആലോചിച്ചു് തീരുമാനിക്കണം.

B. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും

മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും സ്വമേധയാ ഭരണത്തിൽനിന്നു് വിരമിക്കുവാൻ തീരുമാനിക്കുകയും പ. സുന്നഹദോസും അസോസ്യേഷൻ മാനേജിംഗ് കമ്മററിയും ആ തീരുമാനത്തോടു യോജിക്കുകയും ചെയ്യുന്നപക്ഷം അദ്ദേഹത്തിന്റെ താമസത്തിനും പരിരക്ഷണത്തിനുമുള്ള ഏർപ്പാടുകൾ ചെയ്യുന്നതു സംബന്ധിച്ചുള്ള പ്രധാന ചുമതല അദ്ദേഹത്തിന്റെ പിൻഗാമിക്കായിരിക്കും. കാതോലിക്കേററ് അരമനയിൽ ഭരണത്തിൽ ഇരുന്നപ്പോൾ ഉണ്ടായിരുന്ന സൗകര്യങ്ങളിൽതന്നെ തുടർന്നു് താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം അദ്ദേഹത്തിനുണ്ടായിരിക്കണം. പരിരക്ഷണത്തിനും മററുമായി പ്രതിമാസം 6000 രൂപാ സഭയുടെ കേന്ദ്രഫണ്ടിൽനിന്നു് നൽകണം. ആവശ്യമെന്നുകണ്ടാൽ ഈ സംഖ്യ പ. സുന്നഹദോസിനു് ഭേദഗതി ചെയ്യാവുന്നതാണു്. ഈ റിപ്പോർട്ടിലെ A വിഭാഗത്തിൽ വിവരിച്ചിട്ടുള്ള താമസസൗകര്യം, പരിരക്ഷണം, വൈദ്യസഹായം എന്നിവയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും കാര്യത്തിലും ബാധകമായിരിക്കുന്നതാണു്.